ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

48 [133] *ശ്രീ. തോമസ് ചാഴികാടൻ:*

" *നാഷി അഗസ്റ്റിൻ:*

" *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നിലവിൽ ബി.പി.എൽ. ലിസ്റ്റിൽ ഇല്ലാത്തവരും എന്നാൽ, ദാരിദ്ര്യം അനുഭവിക്കുന്നവരുമായ ജനവിഭാഗത്തിനുകൂടി പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ആരോഗ്യ പരിരക്ഷയ്ക്കായി ഒരു പദ്ധതി ഏർപ്പെടുത്തുന്നകാര്യം പരിശോധിച്ചുവരികയാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

പത്ത് കിടക്കകളുള്ള ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് തെരഞ്ഞെടുത്ത ആശുപത്രികൾ

49 [141] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പത്ത് കിടക്കകളുള്ള ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പ് എത്ര ആശുപത്രികളെ തെരഞ്ഞെടുത്തു;

(ബി) ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവയുടെ ലിസ്റ്റിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ എത്ര ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇവ ഏതെല്ലാം;

(സി) ഇതിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കും;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ആശുപത്രികൾ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അവ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 132 ആശുപത്രികളെ തെരഞ്ഞെടുത്തു.

(ബി) & (സി) തെരഞ്ഞെടുക്കപ്പെട്ടവയിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ആശുപത്രികൾ ഉൾപ്പെട്ടിട്ടില്ല.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

ലാബ് ടെക്നീഷ്യൻ നിയമനം

50 [146] *ശ്രീ. എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിലായി ലാബ് ടെക്നീഷ്യൻമാരുടെ എത്ര ഒഴിവുകളുണ്ട്; ഈ ഒഴിവുകൾ നികത്തുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് തൊഴിൽരഹിതരായ എത്ര ലാബ് ടെക്നീഷ്യൻമാരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സർവ്വീസിലുള്ള ലാബ് ടെക്നീഷ്യൻമാർക്ക് വിദേശ രാജ്യങ്ങളിൽ സേവനമനുഷ്ഠിക്കുന്നതിന് അവധി അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള വിവിധ സർക്കാർ ആശുപത്രികളിലായി 36 ലാബ് ടെക്നീഷ്യൻമാരുടെ ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ പി.എസ്.സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) വിവരം ലഭ്യമല്ല.

(സി) 22-7-2003-ലെ ജി.ഒ. (ആർ.റ്റി.) 2190/03/ആകുവ. പ്രകാരം ലാബ് ടെക്നീഷ്യൻ ഉൾപ്പെടെയുള്ള ചില തസ്തികകളെ ദുർലഭ വിഭാഗത്തിൽ ഉൾപ്പെടുത്തിയതിനാൽ വിദേശ രാജ്യങ്ങളിൽ സേവനമനുഷ്ടിക്കുന്നതിന് ലാബ് ടെക്നീഷ്യൻമാർക്ക് അവധി അനുവദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly